സൺഡേ ദീപിക
July 15 2012

2 അവഗണിക്കരുത് കൂർക്കംവലിയെ

3 ഗ്രാമീണ ശാസ്ത്രജ്ഞർ

സ്വർഗീയ രാഗങ്ങളുടെ ശില്പി

കെ.കെ.ആന്റണിമാസ്റ്റർ

ആയിരത്തിലേറെ ആത്മീയ ഗീതങ്ങൾക്ക് ഈണം പകർന്ന സ്വർഗീയ രാഗങ്ങളുടെ ശില്പി ആന്റണി ഭാഗവതരുടെ ഓർമകളിലൂടെയും പാട്ടുകളിലൂടെയും സഞ്ചരിക്കാം.

സെബി മാളിയേക്കൽ

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി..., ഈശ്വരനെ തേടി ഞാൻ അലഞ്ഞു..., നട്ടുച്ചനേരത്ത് കിണറിന്റെ തീരത്ത്..., ഗാഗുൽത്താമലയിൽ നിന്നും..., ദൈവകുമാരൻ കാൽവരിക്കുന്നിൽ..., സുവിശേഷ വെളിച്ചത്താൽ... എന്നിങ്ങനെ ആയിരത്തിലേറെ ആത്മീയ ഗീതങ്ങൾക്ക് ഈണം പകർന്ന സ്വർഗീയ രാഗങ്ങളുടെ ശില്പി ആന്റണി ഭാഗവതർ ഓർമയായിട്ട് ഈ 21ന് കാൽ നൂറ്റാണ്ടുകഴിയുന്നു.

സീറോ മലബാർ ക്രിസ്ത്യാനികളുടെ ആരാധനാക്രമങ്ങൾ സുറിയാനിയിൽനിന്നും മലയാളത്തിലേക്ക് മാറ്റുന്ന വേളയിൽത്തന്നെ ആത്മാവിനെ തൊട്ടുണർത്തുന്ന നൂറുകണക്കിനു ഗാനങ്ങൾ മലയാളിക്കു സമ്മാനിക്കാൻ കെ.കെ ആന്റണി എന്ന സംഗീത സാമ്രാട്ടിനു കഴിഞ്ഞു.

‘മനുഷ്യാ നീ മണ്ണാകുന്നു...
മണ്ണിലേക്കു മടങ്ങും നൂനം
അനുതാപ കണ്ണുനീർവീഴ്ത്തി
പാപ പരിഹാരം ചെയ്തുകൊൾക നീ’

ജീവിതത്തിന്റെ നൈമിഷികതയെയും മരണത്തിന്റെ അനിവാര്യതയെയും ക്രൈസ്തവ വിശ്വാസിയുടെ ആത്മാവിൽ ചാലിച്ചെഴുതിയ ഈ സംഗീത മാന്ത്രികന്റെ സ്മൃതികളിലൂടെ സ്നേഹാദരവോടെ സഞ്ചരിക്കാം.

കഷ്ടതകളുടെ കുട്ടിക്കാലം

തൃശൂർ ജില്ലയിലെ വെളയനാട് കാനംകൂടം കുഞ്ഞുവറീതിന്റെയും മറിയത്തിന്റെയും ആറാമത്തെ പുത്രനായി 1924 ഏപ്രിൽ 27നാണ് ജനനം. കുഞ്ഞുനാൾ മുതൽ ദിവസവും പള്ളിയിൽ പോയിരുന്ന ആന്റണിക്ക് സുറിയാനി സംഗീതം ഏറെ ഇഷ്ടപ്പെട്ടു. സംഗീതാഭ്യസനം നടത്തിയിരുന്ന ജ്യേഷ്ഠൻ കുഞ്ഞുവർക്കിയിൽനിന്നും കർണാടക സംഗീതത്തിന്റെ ബാലപാഠങ്ങളും സ്വായത്തമാക്കി. ഉപരിപഠന സാധ്യതകൾ പരിമിതമായതിനാൽ നാലാം ക്ലാസിൽ പഠനം നിർത്തി. 19-ാം വയസിൽ ഉപജീവനമാർഗത്തിനായ് സിലോണിലേക്ക് പോയി.

ഉള്ളിലൊളിപ്പിച്ച സംഗീത മോഹം

സിലോണിൽ ഒരു ഹോട്ടലിലായിരുന്നു ജോലി. ജോലിയ്ക്കിടയിൽ സിലോണിലെ പ്രശസ്ത സംഗീതജ്ഞനായിരുന്ന മലയാളിയായ എ.ആർ. കൃഷ്ണ ഭാഗവതരുടെ കീഴിൽ സംഗീതം അഭ്യസിച്ചു. പകൽ ഹോട്ടൽ ജോലിയും രാത്രി സംഗീതപഠനവും.

അങ്ങനെ കുറച്ചുനാൾ പിന്നിട്ടപ്പോഴേക്കും സിരകളിൽ സംഗീതം കയറിയ ഈ ചെറുപ്പക്കാരന് സംഗീതാധ്യാപകനായി ജോലി ലഭിച്ചു; ശൈവ മങ്കയർ തിലകം മ്യൂസിക് അക്കാദമിയിൽ. അതിനിടയിൽ കുറച്ചുനാൾ ഒരു തമിഴ് നാടക ട്രൂപ്പിന്റെ മ്യൂസിക് ഡയറക്ടറായും സേവനം ചെയ്തു. 1945 മുതൽ 20 വർഷക്കാലം ആന്റണി മാസ്റ്ററുടെ സംഗീത കച്ചേരികൾ ശ്രീലങ്കൻ റേഡിയോ നിരന്തരം സംപ്രേഷണം ചെയ്തു. ശ്രീലങ്കയുടെ വിവിധ ഭാഗങ്ങളിൽ നാലും അഞ്ചും മണിക്കൂറുകൾവരെ നീണ്ട കർണാട്ടിക് സംഗീത കച്ചേരികൾ ആയിരക്കണക്കിനു ആസ്വാദക ഹൃദയങ്ങളെ കീഴടക്കി. ഇതിനിടയിൽ ചില ശ്രീലങ്കൻ ചലച്ചിത്രങ്ങൾക്കു പശ്ചാത്തല സംഗീതവും ഒരുക്കി. 65 മുതൽ നാലുവർഷക്കാലം മലേഷ്യയിൽ സംഗീതാധ്യാപകനായും ടെലിവിഷൻ പ്രോഗ്രാം ഓർഗനൈസറായും ജോലി നോക്കി.

ജന്മനാട്ടിലേക്കുള്ള തിരിച്ചുവരവ്

1969-ൽ കേരളത്തിൽ തിരിച്ചെത്തിയ ആന്റണി മാസ്റ്റർ ഉടൻതന്നെ ഫാ.കനീഷ്യസ് സിഎംഐയെ ബന്ധപ്പെട്ടു. അദ്ദേഹമാണ് ഫാ. ആബേൽ പെരിയപ്പുറം സിഎംഐയെ പരിചയപ്പെടുത്തിയത്. കർമ്മലീത്ത സന്യാസ സമൂഹത്തിന്റെ എറണാകുളത്തുള്ള പ്രിയോർ ജനറാൾ ഹൗസിലായിരുന്നു കൂടിക്കാഴ്ച.

ഭാരത ക്രൈസ്തവ സംഗീതത്തെ പരിപോഷിപ്പിക്കുകയായിരുന്നു കണ്ടുമുട്ടലിന്റെ ഉദ്ദേശ്യം. അക്കാലത്ത് ചലച്ചിത്ര പിന്നണിഗാനരംഗത്തെ പുത്തൻ താരോദയമായ കെ.ജെ. യേശുദാസുമൊത്ത് മൂവരും കൂടി എറണാകുളത്ത് ക്രിസ്ത്യൻ ആർട്സ് ക്ലബിനു രൂപം നൽകി. ക്രിസ്തീയ ഗാനങ്ങളെ പ്രമോട്ട് ചെയ്യുകയായിരുന്നു ലക്ഷ്യം. അധികം വൈകാതെത്തന്നെ എറണാകുളം അതിരൂപത മെത്രാപ്പോലീത്തയായിരുന്ന കർദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ സഹായത്തോടെ ഈ ക്ലബിന് ‘കലാഭവൻ’ എന്ന് നാമകരണം ചെയ്ത് രജിസ്റ്റർ ചെയ്തു. മരണം ആന്റണി മാഷെയുംകൊണ്ടു പരലോകത്തേക്ക് പറന്നുയരുന്നതുവരെ അദ്ദേഹം കലാഭവനിലെ അധ്യാപകനും സംഗീത സംവിധായകനുമായിരുന്നു.

ആന്റണിമാഷും ആബേലച്ചനും പിന്നെ യേശുദാസും

കെ.കെ. ആന്റണിയെന്ന ആന്റണി ഭാഗവതരും ഫാ. ആബേൽ സിഎംഐയും പത്മശ്രീ കെ.ജെ.യേശുദാസും ചേർന്ന ത്രയം മലയാള ക്രൈസ്തവ ഭക്തിഗാനശാഖയ്ക്ക് സമർപ്പിച്ചത് ആത്മാവിലലിയുന്ന ഒരുപിടി ഗാനങ്ങളാണ്. ആബേലച്ചന്റെ അർഥസംപുഷ്ടമായ വരികൾക്ക് ഭാഗവതരുടെ സ്വർഗീയ ഈണവും ഭാവഗായകന്റെ സ്വരമാധുരിയും സമന്വയിച്ചപ്പോൾ ശോശന്നപ്പൂക്കൾ എന്ന ആൽബത്തിലെ 10 ഗാനങ്ങളും സൂപ്പർ ഹിറ്റായി.

പരിശുദ്ധാത്മാവേ നീയെഴുന്നള്ളി..., ദൈവമേ നിൻ ഗേഹമെത്ര മോഹനം..., ഈശ്വരനെത്തേടി ഞാനലഞ്ഞു..., ഭാരതം കതിരുകണ്ടു..., മനുഷ്യാ നീ മണ്ണാകുന്നു..., പുൽക്കൂട്ടിൽ വാഴുന്ന പൊന്നുണ്ണി..., മഹേശ്വരാ നിൻ സുദിനം കാണാൻ..., നിത്യനായ ദൈവത്തിൻ... എന്നീ എട്ട് പാട്ടുകളും പാടിയത് ഗാനഗന്ധർവൻ തന്നെ. സൂപ്പർ ഹിറ്റായ ‘എഴുന്നള്ളുന്നു ... രാജാവെഴുന്നള്ളുന്നു...’, ‘നട്ടുച്ചനേരത്ത്, കിണറിന്റെ തീരത്ത്...’ എന്നീ യുഗ്മഗാനങ്ങളാകട്ടെ യേശുദാസും ബി. വസന്തയും ചേർന്ന് ആലപിച്ചിരിക്കുന്നു. കോറസ് ഒരുക്കിയ കൊച്ചുകുട്ടികളാകട്ടെ സുജാത, പദ്മജ, ജെൻസി എന്നിവരും.

സിനിമാ പ്രവേശം

1972-ലെ ബാല്യപ്രതിജ്ഞയാണ് (അഥവാ പുരുഷരത്നം) മലയാളത്തിൽ സംഗീത സംവിധാനം നിർവഹിച്ച ആദ്യചിത്രം. ജയവിജയ പിക്ചേഴ്സിന്റെ ഈ സത്യൻ-ഷീല ചിത്രത്തിലെ പി.ഭാസ്കരന്റെ എട്ട് ഗാനങ്ങളും ചിട്ടപ്പെടുത്തിയാണ് രംഗപ്രവേശം. ‘ഇന്നലെ നീ കുബേരൻ; ഇന്നു തെരുവിൽ യാചകൻ’.... എന്ന യേശുദാസ് ഗാനവും ‘ജീവിതം ഒരു വൻ നദി... ഒഴുകും ജലമതിൽ ദുർവിധി’ എന്ന എസ്.ജാനകിയുടെ ഗാനവുമെല്ലാം ഏറെ ശ്രദ്ധിക്കപ്പെട്ടു.

‘കിട്ടി...കിട്ടി... നറുക്കെടുപ്പിൽ കല്യാണച്ചിട്ടീ കൊത്തി കൊത്തി പ്രേമചൂണ്ടലിൽ ആവോലി’ എന്ന ബഹദൂർ പാടി അഭിനയിക്കുന്ന ആന്റോ, പി.ആർ.നിർമല എന്നിവർ ശബ്ദം നൽകിയ ഹാസ്യഗാനം ഏറെ പോപ്പുലറായിരുന്നു. പി.ജയചന്ദ്രൻ, പി.ലീല, രാജു എന്നിവരാണ് ഇതിലെ മറ്റു ഗാനങ്ങൾ ആലപിച്ചിരിക്കുന്നത്. 1972-ൽ പുറത്തിറങ്ങിയ ‘കുഞ്ഞിക്കൈകൾ’ എന്ന കുട്ടികളുടെ ചലച്ചിത്രത്തിലെ മാഷ് ഈണം പകർന്ന മൂന്നു ഗാനങ്ങൾക്കും ഒഎൻവി കുറുപ്പാണ് വരികളെഴുതിയിരിക്കുന്നത്. ജോളി അബ്രഹാം, ജെൻസി എന്നിവർ പാടിയ ഈ ഗാനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. ചാവറയച്ചനെ കുറിച്ച് ഇറങ്ങിയ ഹ്രസ്വചിത്രമായ കർമയോഗിയിൽ ഫാ. ആബേൽ എഴുതിയ ‘പോകുന്നു ഞാനെൻ’ എന്ന ഗാനം മാഷ് ട്യൂൺ ചെയ്ത് യേശുദാസ് ആലപിച്ചു.

സിനിമയിൽ നിരവധി അവസരങ്ങൾ ലഭിച്ചിട്ടും വീടും കലാഭവനും വിട്ട് മദ്രാസിലേക്കു ഞാൻ ഇല്ല എന്ന ഉറച്ച നിലപാടിലായിരുന്നു അദ്ദേഹം. ‘തുച്ഛമായ ശമ്പളത്തിൽ കലാഭവനിൽ കഴിയേണ്ട, തരംഗിണിയിലേക്കു പോരൂ’ എന്ന യേശുദാസിന്റെ ക്ഷണവും സ്നേഹപൂർവം അദ്ദേഹം നിരസിക്കുകയായിരുന്നു.

കലാഭവൻ എന്ന വീട്

സംഗീതത്തിനുവേണ്ടി ഒരു ജീവിതം മുഴുവൻ ഉഴിഞ്ഞുവച്ച വ്യക്തിത്വമായിരുന്നു ആന്റണിമാസ്റ്ററുടേത്. ഊണും ഉറക്കവുമെല്ലാം കലാഭവനിൽ. ആഴ്ചയിൽ മാത്രം വീട്ടിൽ പോകും. യഥാർഥത്തിൽ അദ്ദേഹത്തിന്റെ വീടുതന്നെയായിരുന്നു കലാഭവൻ. സീറോമലബാർ സഭയിൽ സുറിയാനി രീതിയും ഹിന്ദി സിനിമാഗാനങ്ങളുടെ ശൈലിയും നിറഞ്ഞുനിന്നിരുന്ന ഒരുകാലഘട്ടത്തിലാണ് കലാഭവൻ രൂപീകരിക്കുന്നത്.

പിന്നീട് ആയിരത്തിൽപരം ഗാനങ്ങൾ ചിട്ടപ്പെടുത്തി. ക്രിസ്തീയ ഗാനശാഖയിലെ അനിഷേധ്യ വ്യക്തിത്വമായി. ഫാ.ആബേൽ-കെ.കെ.ആന്റണി കൂട്ടുകെട്ടിൽ പിറവികൊണ്ട ‘ക്രിസ്മസ് ഗാനങ്ങൾ’ എന്ന ആൽബത്തിലെ ഉണ്ണിപിറന്നു ബത്ലഹേമിൽ..., സർവേശപുത്രൻ ജനിച്ചു..., ദൈവത്തിൻ സൂനു... തുടങ്ങിയവയും ‘കരിസ്മാറ്റിക് ഗാനങ്ങൾ’ എന്ന ആൽബത്തിലെ പാവനാത്മാവേ നീ വന്ന നേരം..., ദൈവമെന്റെ കൂടെയുണ്ട്... തുടങ്ങിയ ഗാനങ്ങളും പുതുതലമുറപോലും ഏറ്റുപാടുന്നു.



നട്ടുച്ചനേരത്ത്...കിണറിന്റെ തീരത്ത് എന്ന ഗാനത്തിന്റെ റിക്കാർഡിംഗ് വേളയിൽ യേശുദാസ്, ബി.വസന്ത എന്നിവർക്കു പാട്ടുപറഞ്ഞുകൊടുക്കുന്നു.എച്ച്എംവി റിക്കാർഡിംഗ് ഓഫീസർ പി.മങ്ങാപതി, ഫാ.ആബേൽ എന്നിവർ സമീപം.

ആന്റണി മാസ്റ്ററുടെ മ്യൂസിക് ക്ലാസ്.



പുൽക്കൂട്ടിൽ വാഴുന്ന പൊന്നുണ്ണി... എന്ന ഗാനത്തിന്റെ റിക്കാർഡിംഗ് വേളയിൽ ബി.വസന്തയ്ക്കു പാട്ടുപറഞ്ഞു കൊടുക്കുന്നു. കോറസ് പാടുന്നത് ജെൻസി, പദ്മജ, സുജാത എന്നിവർ.

മാർപാപ്പയുടെ കേരള സന്ദർശനത്തോടനുബന്ധിച്ചിറങ്ങിയ ‘സ്വാഗതം’ കാസറ്റിലെ മുഴുവൻ പാട്ടുകളുടെയും സംഗീതം മാസ്റ്ററായിരുന്നു. ഫാ.ജോണി മേനാച്ചേരി രചിച്ച് മാർക്കോസ് ആലപിച്ച ബലിയേകിടൂ... ബലിയായിടൂ... ബലിവേദിയിലണയൂ... എന്നഗാനം ഇതിൽ ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നാണ്. കത്തോലിക്കാ സഭയുടെ മതപഠനത്തിനായ് നിർമിച്ച 60 ഗാനങ്ങളുടെയും സംഗീതവും ആൽബങ്ങളായ പുലരി, കാരുണ്യദൈവം, ലൈഫ് ഓഫ് ക്രൈസ്റ്റ് ഒന്ന്, രണ്ട് വാല്യങ്ങൾ എന്നിവയും മലയാളത്തിലെ ആദ്യ കുർബാന ക്രമത്തിലെ മുഴുവൻ പാട്ടുകൾക്കും സംഗീതം നൽകിയത് ഇദ്ദേഹമായിരുന്നു. മരണശേഷമാണ് കുർബാന ക്രമം മാറിയതും ഇന്നുനിലവിലുള്ള കുർബാന ക്രമം വന്നതും.

റാസ കുർബാനയും മരിച്ചവരുടെ പാട്ടുകുർബാനയും

ബാല്യകാലത്തെ സുറിയാനി സംഗീതത്തെ കുറിച്ചുള്ള ജ്ഞാനം റാസ കുർബാനകളുടെ പാട്ടുകൾ ചിട്ടപ്പെടുത്താൻ ആന്റണി മാസ്റ്റർക്ക് ഏറെ സഹായകമായി. മരിച്ചവരുടെ റാസ, മരിച്ചവരുടെ പാട്ടുകുർബാന എന്നിവയ്ക്കായി 25 ഗാനങ്ങൾ ചിട്ടപ്പെടുത്തി. ആഴത്തിൽനിന്നു ഞാൻ ആർദ്രമായി കേഴുന്നു..., ദൈവമേ എന്നിൽ നീ കനിയണമേ..., കർത്താവാം മിശിഹാതൻ കാരുണ്യവും..., കരുണാനിധിയാം കർത്താവേ..., സർവാധിപനാം കർത്താവേ... എന്നീ പാട്ടുകൾ ഇന്നും തിരുക്കർമങ്ങളിൽ പാടുന്നവയാണ്. പാട്ടുകൾ ഫാ. തോമസ് കണ്ടത്തിൽ, സാബു, ബീന, ലത എന്നിവരാണ് ആലപിച്ചത്.

തിരുനാൾ കർമങ്ങളും പാട്ടുകുർബാനയും

കർത്താവേ കനിയണമേ, മിശിഹായേ കനിയണമേ..., മിശിഹാ കർത്താവേ, നരകുല പാലകനേ..., അമലോത്ഭവയാം മാതാവേ..., അഖിലലോക നായകാ..., ദൈവകുമാരൻ കാൽവരിക്കുന്നിൽ ബലിയണച്ചു..., ജീവനേകും ദിവ്യവചനം..., സുവിശേഷ വെളിച്ചത്താൽ..., വിണ്ണിൽനിന്നും സമാഗതമായൊരു...തുടങ്ങി ഇരു ആൽബങ്ങളിലുമായി കെ. കെ ആന്റണി ചിട്ടപ്പെടുത്തിയ 63 ഗാനങ്ങൾ തന്നെയാണ് ദേവാലയങ്ങളിൽ ഇന്നും ഇത്തരം സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നത്.

നാടകവും ലളിതഗാനവും

അവിഭക്ത കേരള യൂണിവേഴ്സിറ്റിയിലും കാലിക്കട്ട് യൂണിവേഴ്സിറ്റിയിലും ലളിത ഗാനത്തിൽ മിക്കവാറും ഒന്നാം സ്ഥാനം ലഭിച്ചിരുന്നത് മാഷുടെ ഗാനങ്ങൾക്കാണ്. ‘ഹിമവാനുണർത്തിയ വാഹിനി’ തുടങ്ങി നിരവധി ലളിത ഗാനങ്ങൾ ചിറ്റൂർ ഗോപി-ആന്റണി മാസ്റ്റർ കൂട്ടുകെട്ട് ഒരുക്കിയിട്ടുണ്ട്.

ഹൈന്ദവ ഭക്തിഗാനം

മരിക്കുന്നതിനു തൊട്ടുമുമ്പ് തരംഗിണിക്കുവേണ്ടി 12 വ്യത്യസ്തവും അപൂർവവുമായ രാഗങ്ങളിൽ 12 ഹൈന്ദവ ഭക്തിഗാനങ്ങൾ ചിട്ടപ്പെടുത്തിയെങ്കിലും സീസൺ ആകുന്നതിനു വേണ്ടി റെക്കാഡിംഗ് നീട്ടിവയ്ക്കുകയായിരുന്നു. രാഗവർധിനി, കോസലം എന്നിവ ഉൾപ്പെടെ പന്ത്രണ്ട് അപൂർവ രാഗങ്ങളിലാണ് ചിറ്റൂർ ഗോപിയുടെ വരികൾക്ക് മാഷ് ഈണം പകർന്നിരുന്നത്. ഇത് റിക്കാർഡ് ചെയ്ത് കേൾക്കാൻ കഴിയാത്തത് മാഷിന് വലിയ വേദനയായിരുന്നു.

അർഹിച്ച അംഗീകാരം ലഭിക്കാതെ

സംഗീതത്തെ ഉപാസിച്ച ഈ അതുല്യപ്രതിഭക്ക് അർഹിച്ച അംഗീകാരം ലഭിക്കാതെ പോയി. 1982-ൽ ചാവറ കൾച്ചറൽ സെന്ററാണ് മാഷ്ക്ക് ഒരേയൊരു അവാർഡ് നൽകിയത് എന്നാണ് പ്രസിഡന്റ് ഫാ. തോമസ് ഐക്കര ഒപ്പിട്ടിരിക്കുന്ന പ്രശസ്തി പത്രത്തിൽ പറയുന്നത്. സാമ്പത്തിക ലാഭം നോക്കാതെ സംഗീതത്തെ ഉപാസിച്ച ഈ സന്യാസീ തുല്യനായ സംഗീതജ്ഞന്റെ മായാത്ത സ്മരണകളെ താലോലിച്ച് സഹധർമിണി റോസിയും മക്കളും കഴിയുന്നു; ഒപ്പം നൂറുകണക്കിന് ശിഷ്യരും. മൂത്തമകൻ വർഗീസും കടുംബവും അമേരിക്കയിലാണ്. ചാലക്കുടി കാർമൽ സ്കൂളിലെ അധ്യാപികയായ രണ്ടാമത്തെ മകൾ ലില്ലിയും കുടുംബവും ചാലക്കുടിയിലും കൊരട്ടി എംഎഎംഎച്ച്എസിൽ അധ്യാപികയായ മൂന്നാമത്തെ പുത്രി ലിസിയും കുടുംബവും കൊരട്ടിയിലും കഴിയുന്നു.

ഓർമകളുടെ മണിച്ചെപ്പു തുറക്കാൻ പഴയകാല സുഹൃത്തുകളുടെയും ശിഷ്യഗണങ്ങളുടെയും ഒരു സംഗമം, കലാഭവൻ ഒരുക്കുന്ന മാഷുടെ മാത്രം പാട്ടുകളുടെ ഒരു ഭക്തിഗാനമേള എന്നിവ ഈ വരുന്ന 21ന് മാഷുടെ സ്വന്തം ഇടവകയായ വെളയനാട് സെന്റ് മേരീസ് പള്ളിയിലൊരുക്കിയിട്ടുണ്ട്.

കാനോന നമസ്കാരവും വിവാഹവും

വൈദികരും സിസ്റ്റേഴ്സും പ്രതിദിനം ചൊല്ലുന്ന കാനോന നമസ്കാരത്തിലെ പുലരിയിൽ നിദ്രയുണർന്നങ്ങേ പാവനസന്നിധി അണയുന്നു...എന്നതുൾപ്പെടെ 23 ഗാനങ്ങളും ചിട്ടപ്പെടുത്തിയ ഭാഗവതർ കുടുംബജീവിതക്കാർക്കായി വിവാഹത്തിനുള്ള ഗാനങ്ങളും ഒരുക്കി. ആദിയിൽ അഖിലേശൻ നരനെ സൃഷ്ടിച്ചു..., പുതിയ കുടുംബത്തിൻ കതിരുകൾ ഉയരുന്നു...തുടങ്ങിയ ഇന്നും ആലപിക്കുന്ന അതുല്യ ഗാനങ്ങളും ഇദ്ദേഹത്തിന്റെ സംഭാവനയാണ്.

ഓർമകളിലൂടെ ബേണി

ആന്റണി മാഷെ കുറിച്ചുള്ള ബേണി-ഇഗ്നേഷ്യസുമാരുടെ ഓർമകൾക്ക് ആയിരം നാവ്. ‘എനിക്ക് അദ്ദേഹം ഗുരുമാത്രമല്ല, അപ്പച്ചന് തുല്യനായിരുന്നു. എനിക്ക് വെറും ആറുമാസം പ്രായമുള്ളപ്പോൾ എന്റെ അപ്പച്ചൻ മരിച്ചു. അപ്പനെ കാണാൻ കഴിയാത്ത എന്നെ അപ്പനു തുല്യം സ്നേഹിച്ച, ശിക്ഷണം നൽകിയ എന്റെ സംഗീതത്തിലെ എല്ലാ ഉയർച്ചയ്ക്കും കാരണക്കാരനായ എന്റെ അപ്പനാണദ്ദേഹം. ബേണി വികാരാധീനനായി.

രാഗങ്ങളെ കുറിച്ച് ഏറെ ജിജ്ഞാസയായിരുന്നു എനിക്ക്. എപ്പോഴും സംശയം ചോദിക്കും. പറഞ്ഞുതരാൻ ഏറെ ഉത്സാഹമായിരുന്നു അദ്ദേഹത്തിനും. ഒരിക്കൽ കലാഭവനിൽ വച്ച് എന്നോട് പറഞ്ഞു: ‘നീ എപ്പോൾ വേണമെങ്കിലും വന്നോ... സംശയം അപ്പോൾ തന്നെ തീർക്കണം. പാതിരാത്രിയിലോ, ഉറക്കത്തിലോ ആയാൽപോലും ഈ കതകിൽ വന്ന് മുട്ടിക്കോ’ ശിഷ്യരെ അത്രയ്ക്ക് സ്നേഹിച്ച വിശുദ്ധനായ ഗുരുവായിരുന്നു. മരിക്കുന്നതിനു മൂന്നാഴ്ച മുമ്പ് കലാഭവനിൽ വന്നപ്പോൾ ഞാൻ ഓടിച്ചെന്നു. തലയിൽ കൈവച്ച് അനുഗ്രഹിച്ചിട്ട് പറഞ്ഞു. ‘നിനക്ക് ഗുരുത്വം എന്ന മൂന്നക്ഷരമുണ്ട്. നീ ഒരു വലിയ സിനിമാ സംഗീതസംവിധായകനാകും’. സിനിമയിൽ സംഗീതം ചെയ്യുന്നതിനായി ഒത്തിരി ഈണങ്ങൾ അദ്ദേഹം എനിക്കുതന്നു.

മരിക്കുന്നതിന് കുറച്ചുദിവസം മുമ്പ് വയറുസംബന്ധമായ അസുഖം മൂലം അദ്ദേഹം ആശുപത്രിയിലായിരുന്നു. ആശുപത്രിയിൽ നിന്ന് വീട്ടിലെത്തിയ ഉടൻ ഞാൻ വെളയനാട് പോയി കണ്ടു. തിരിച്ചു പോരുമ്പോൾ അനുഗ്രഹം വാങ്ങി. രണ്ടു ദിനം കഴിഞ്ഞ് ഹൃദയസ്തംഭനം മൂലം അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞു. സംസ്കാരചടങ്ങിൽ പങ്കെടുത്ത ഞാൻ പാദങ്ങളിൽ തൊട്ടു നമസ്കരിച്ചു. ആ അനുഗ്രഹമാണ് എന്റെ വിജയത്തിനു നിദാനം... ബേണിയുടെ വാക്കുകൾ മുറിഞ്ഞു...

ശ്രുതി, രാഗത്തിലെ ലയം, രസം എന്നിവ നിറഞ്ഞുനിന്ന ഏറെ ഭാവമുള്ള പാട്ടുകളായിരുന്നു മാഷുടേത്. ഗംഭീരമായി പാടുന്ന മാഷ് പാട്ടുകാരെ അതേ ഭാവ തീവ്രതയോടെ പാടി പഠിപ്പിച്ച് അനുഭൂതിയിലേക്കു കൊണ്ടുവരുമായിരുന്നു. ഒരിക്കൽ ദാസേട്ടൻ തന്നെ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട് :‘പരിശുദ്ധാത്മാവേഎന്ന ഗാനം മാഷ് പഠിപ്പിച്ചിട്ടും എനിക്ക് അതേ അനുഭൂതിയിൽ പാടാനാകുന്നില്ല. ഞാൻ പാടിയപ്പോൾ ആബേലച്ചൻ പറഞ്ഞു. ദാസ് പാടുന്നതിൽ വ്യത്യാസമുണ്ട്. അച്ചാ, ഞാൻ പഠിച്ചോളാം. എനിക്ക് ട്യൂൺ വഴങ്ങിവരുന്നേയുള്ളൂ. കുറച്ചു കഴിഞ്ഞ് ദാസേട്ടൻ പഠിച്ചു. റെക്കോർഡിംഗ് കഴിഞ്ഞ് മൂവരും ചേർന്ന് ഈ ഗാനം കേട്ടപ്പോൾ റിക്കാർഡിംഗ് റൂമിൽ പരിശുദ്ധാത്മാവ് വന്നു നിറയുന്നതുപോലെ ഒരനുഭവം ഉണ്ടായി. ദാസേട്ടൻ വന്ന് ആന്റണി മാഷെ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു ‘മാഷെ, ഇത് അവാർഡ് പാട്ടാ’ .

പാടുന്നതെങ്ങിനെയെന്ന് ഇത്രമാത്രം പാടിപഠിപ്പിച്ചു തരുന്ന മറ്റൊരു മ്യൂസിക് ഡയറക്ടറില്ല. ഉച്ചാരണം, സ്ഫുടത, അർഥഭാവം തുടങ്ങിയവയ്ക്ക് ഏറെ പ്രാധാന്യം നൽകുന്ന ഗുരുവായിരുന്നു. മാഷുടെ പാട്ടുകൾ പാടുമ്പോൾ എനിക്ക് 10 വയസേ ഉള്ളൂവെങ്കിലും എനിക്കദ്ദേഹം പിതൃതുല്യനായിരുന്നു.’ ദീപമേ, സ്വർലോക ദീപമേ..., പുതിയ കുടുംബത്തിൻ കതിരുകളുയരുന്നു... തുടങ്ങിയ ഗാനങ്ങൾ ആലപിച്ച ജെൻസി ആന്റണി പറയുന്നു.